## പതിമൂന്നാം കേരള നിയമസഭ
## എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത 21.3.2013- ൽ
നിയമസഭാ ചോദ്യം നമ്പർ : 1215 മറുപടിക്ക്

## ആലപ്പുഴയിൽ നടന്ന കയർ മേള

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി. തിലോത്തമൻ | ശ്രീ. അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| (എ) 2013 ഫെബ്രുവരിയിൽ ആലപ്പുഴയിൽ നടന്ന കയർ മേളയിൽ എത്ര രാജ്യങ്ങളിലെ പ്രതിനിധികളാണ് പങ്കെടുത്തതെന്ന് വ്യക്തമാക്കുമോ; എത്ര കോടി രൂപയുടെ ഓർഡറുകളാണ് ഈ മേളയിലൂടെ കയർ മേഖലയിൽ ലഭിച്ചത് എന്ന് പറയാമോ; ഈ ഓർഡറുകളിൽ കയർ സഹകരണ സംഘങ്ങൾക്ക് എത്ര കോടി രൂപയുടെ വിദേശ ഓർഡറുകൾ ലഭിച്ചു; ഏതു വർഷത്തേയ്ക്കുള്ള ഓർഡറുകളാണ് ലഭിച്ചിട്ടുള്ളത് എന്നു വ്യക്തമാക്കുമോ; | (എ) 2013 ഫെബ്രുവരിയിൽ നടന്ന കയർ കേരളയിൽ 30 രാജ്യങ്ങളിൽ നിന്നുള്ള പ്രതിനിധികൾ പങ്കെടുത്തു. 200 കോടിയോളം രൂപയ്ക്കുള്ള വ്യാപാര ഓർഡറുകൾ ലഭിച്ചതായി കണക്കാക്കപ്പെടുന്നു. കേരളസ്റ്റേറ്റ് കയർ കോർപ്പറേഷന് 50 ലക്ഷം രൂപയുടെയും, ഫോം മാറ്റിംഗ്സ് (ഇന്ത്യ) ലിമിറ്റഡിന് 31 ലക്ഷം രൂപയുടെയും, ഓർഡറുകൾ ലഭിച്ചു. കൂടാതെ, കയർ ഫെഡിന് 75 ലക്ഷം രൂപ മൂല്യം വരുന്ന 50 കണ്ടെയ്നർ കയർ പിത്തിനുള്ള എൻക്വയറി ലഭിച്ചു. കയർ സഹകരണ സംഘങ്ങൾക്ക് 67 ലക്ഷം രൂപയുടെ വിദേശ ഓർഡറുകൾ ലഭിച്ചു. പ്രസ്തുത ഓർഡറുകൾ 2013 വർഷത്തേക്കുള്ളതാണ്. |
| (ബി) കേരളത്തിലെ കയർ മേഖലയിലെ ഉത്പാദനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി യന്ത്ര സംവിധാനം ഒരുക്കുവാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ; എന്തെല്ലാം തീരുമാനങ്ങളാണ് എടുത്തിട്ടുള്ളത് എന്നു വ്യക്തമാക്കുമോ; പുതുതായി തയ്യാറാക്കുന്ന യന്ത്ര സംവിധാനത്തിലൂടെ നിലവിൽ | (ബി) കയർ മേഖലയെ ആധുനികവത്ക്കരിക്കുന്നതിന്റെ ഭാഗമായി നിയന്ത്രിത യന്ത്രവത്ക്കരണം നടപ്പാക്കി കയറിന്റെയും കയർ ഉൽപ്പന്നങ്ങളുടെയും ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഫോം മാറ്റിംഗ്സ് (ഇന്ത്യ) ലിമിറ്റഡിന്റെ |

| | |
|---|---|
| ലഭിച്ചിട്ടുള്ള വിദേശ ഓർഡറുകൾ പൂർണ്ണമായും യഥാസമയം നൽകുന്നതിന് സാധിക്കുമോ? | ആഭിമുഖ്യത്തിൽ 2, 4 മീറ്ററുകളിലുള്ള സെമി പ്രവർലൂമുകൾ സ്ഥാപിച്ചിട്ടുണ്ട്. ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ പിവിസി/ലാറ്റക്സ് ടഫ്റ്റഡ് മാറ്റുകൾ, കയർ മെത്തകൾ എന്നിവ നിർമ്മിക്കുന്നതിനുള്ള ഫാക്ടറി സ്ഥാപിക്കുന്നതിനുള്ള നടപടികൾ പൂർത്തീകരിച്ചു വരുന്നു. യന്ത്രസഹായത്തോടെ കയർ പിരി, കയറ്റു പായകൾ, തടുക്കുകൾ എന്നിവ നെയ്യുന്നതിനുള്ള ഫാക്ടറികളും പ്രവർത്തിക്കുന്നുണ്ട്. പ്രസ്തുത സംവിധാനങ്ങളുടെ സഹായത്താൽ വിദേശ ഓർഡറുകൾ പൂർണ്ണമായും നൽകാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ